കേരള സർക്കാർ
സംഗ്രഹം

വനംവകുപ്പ് - ചാലക്കുടി ഡിവിഷനിൽ പരിയാരം റെയിഞ്ചിലെ 1926 തേക്കുതോട്ടം ലേലത്തിൽ കരാറുകാരന് ലേലവ്യവസ്ഥ.യിലില്ലാത്ത കാലയളവിൽ പണമടയ്ക്കുവാൻ കാലാവധിനീട്ടി നൽകിയ ചാലക്കുടി ഡി.എഫ്ഒ യുടെ നടപടി അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വനം, വന്യജീവി (ബി) വകുപ്പ്

സർക്കാർ ഉത്തരവ് (സാധാരണ) 131/93/വനം. തിരുവനന്തപുരം, 5-3-1993

---

പരാമർശ്ശം: ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 11-2-1993-ലെ സി5-73 നംപർ കത്ത്.

**<u>ഉത്തരവ്</u>**

ചാലക്കുടി ഡിവിഷനിൽ പരിയാരം റെയിഞ്ചിലെ 1926 തേക്കുതോട്ട്ത്തിൽനിന്നും ശേഖരിച്ച ഉൽപന്നങ്ങൾ 27-11-1991-ൽ ലേലംകൊണ്ട കരാറുകാരൻ, ശ്രീ കെ കെ തിലകനു (കൊട്ടേക്കാട് വീട്, കിഴക്കുംചേരി, പെരിങ്ങോട്ട) തുക അടയ്ക്കുവാനുള്ള കാലാവധി 3-4-1992-ലായിരുന്നു. ഈ കാലാവധി 2-6-1992 വരെ നീട്ടികൊടുത്തുവെങ്കിലും പണമടയ്ക്കാതിരുന്നതിനാൽ പുനർ ലേലത്തിനു നടപടി സ്വീകരിച്ചിരിക്കെ 12-6-1992-ലെ അപേക്ഷ പ്രകാരം 18 വരെ വീണ്ടും കാലാവധി നീട്ടി നൽകി. ഈ തീയതിയിലും അതിനു മുൻപു മുഴുവൻ തുകയും നിയമപ്രകാരമുള്ള പലിശയും പിഴയും മറ്റെല്ലാ ചാർജ്ജുകളും ചേർത്ത് അടച്ചു.

തടികൾ പുനർലേലം ചെയ്താൽ ആദ്യ നിരക്ക് കിട്ടുകയില്ല എന്ന് ഉദ്ബോദ്ധ്യമുണ്ടായിരുന്നതുകൊണ്ടും തടി ശേഖരിച്ചുവച്ചിരുന്ന സ്ഥലം ഒഴിച്ചെടുത്ത് അവിടെ അക്കൊല്ലംതന്നെ നട്ടുപിടിപ്പിക്കുവാൻ വേണ്ടി ഉൽപാദിപ്പിക്കപ്പെട്ട തൈകൾ നശിച്ചുപോകാതെ വച്ചുപിടിപ്പിക്കേണ്ടിയിരുന്നതുകൊണ്ടും ആണ് ഡിവിഷണൽ ഫോറസ്റ്റ് ആഫീസർ ഇങ്ങനെ കാലാവധി നീട്ടികൊടുത്തുഎന്ന് ചീഫി ഫോറസ്റ്റ് കൺസർവേറ്റർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്..

മേൽ സൂചിപ്പിച്ച സാഹചര്യത്തിൽ 18-6-1992 വരെ കാലാവധി നൽകിയ ചാലക്കുടി ഡി.എഫ്.ഒ യുടെ നടപടി അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

എസ്. പത്മനാഭ കുറുപ്പ്,
ജോയിന്റ് സെക്രട്ടറി,

<u>ഇണടാസ് നംപർ സി5.73213/92 തീയതി 19-3-1993</u>

പകർപപ് അനന്തര നടപടിക്കായി തൃശ്ശൂർ കൺസർവേറ്റർക്കും
ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്കും ചാലക്കുടിക്കും അയയ്ക്കുന്നു.

ചീഫ് ഫോറസ്റ്റ് കൺസർവേറ്റർക്കു വേണ്ടി.